(1)	(2)	(3)
3	കൊട്ടാരക്കര	6
4	പരവൂർ	9
5	മണ്ണാർക്കാട്	18
6	നാദാപുരം	21
7	പെരിങ്ങോം	24
8	ഇരിട്ടി	25
9	ഉപ്പള	26
10	നരിക്കുനി (കൊടുവള്ളി)	27
11	പുവ്വാർ	30
12	പേരാവൂർ	31
13	പുതുക്കാട്	33
14	മാള	42

(സി & ഡി) അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

സംസ്ഥാനത്ത് അതിസുരക്ഷാജയിൽ

72 (1542) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതിസുരക്ഷാജയിൽ സ്ഥാപിക്കണമെന്ന ആവശ്യം സാദ്ധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെ അതിസുരക്ഷാ ജയിലുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഈ സാമ്പത്തിക വർഷം ഇത്തരം സുരക്ഷാ ജയിലിന്റെ നിർമ്മാണത്തിനായി എന്തുതുക വിനിയോഗിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി സ്ഥാപിക്കുന്ന അതിസുരക്ഷാജയിലിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുക എന്ന് വിശദമാക്കുമോ ;

(ഇ) ഇത്തരം സുരക്ഷാജയിലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഏതൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായസഹകരണങ്ങളാണ് ലഭ്യമാക്കുക എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്ത് അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ചുറ്റുമതിലിനുമുകളിൽ വൈദ്യുതി പ്രവഹിക്കുന്ന കമ്പിവേലി, വാച്ച് ടവറുകൾ, ഫ്ളഡ് ലൈറ്റുകൾ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ, ബോഡി സ്കാനർ, ജയിലിനുള്ളിൽ സായുധരായ പാറാവുകാർ, ജയിൽ കോമ്പൗണ്ടിൽ സായുധ പോലീസ് സുരക്ഷാസംവിധാനം, മൊബൈൽ ഫോൺ ജാമറുകൾ സൂക്ഷ്മ നിരീക്ഷണത്തിനായി ക്ലോസ്ഡ് സർക്യൂട്ട് ടി. വി. സംവിധാനം, തടവുകാരെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ കോടതി മുമ്പാകെ ഹാജരാക്കുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു.

(ഇ) അതിസുരക്ഷാജയിൽ സ്ഥാപിക്കുന്നകാര്യത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പ്, ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനാലിസിസ് വിംഗ് തുടങ്ങി ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടേയും സഹായസഹകരണങ്ങൾ തേടുന്നതാണ്.

ജയിൽമോചിതരുടെ പുനരധിവാസം

73 (1543) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിൽ മോചിതരുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾ മറ്റേതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് ;

(സി) ഇവരുടെ പുനരധിവാസ പദ്ധതികൾക്ക് ഒരു ഏകീകൃത ഭരണ നിർവ്വഹണത്തിനായി എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാമൂഹ്യസേവന സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ തരത്തിലുള്ള സഹായസഹകരണങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly